**പതിനാലാം കേരളനിയമസഭ**

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 866 01.03.2017 ന് മറുപടിയ്ക്ക്.

## പട്ടയഭൂമിയിൽ വെച്ച് പിടിപ്പിച്ച മരങ്ങളുടെ മുറിച്ചു മാറ്റൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിൽ പട്ടയഭൂമിയിൽ വെച്ച് പിടിപ്പിച്ച മരങ്ങൾ മുറിച്ചു മാറ്റുന്നതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനം അട്ടിമറിയ്ക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തുടനീളം പട്ടയം നല്കുന്നതിനായുള്ള പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04.01.2017 ന് ചേർന്ന യോഗത്തിൽ വനേതര സ്വകാര്യ ഭൂമിയിലെ മരം മുറിക്കുന്നതിനുള്ള അനുമതി സംബന്ധമായ വിഷയം ചർച്ച ചെയ്തിരുന്നു. ടി യോഗത്തിൽ വനേതര സ്വകാര്യ ഭൂമിയിലെ മരംമുറി സംബന്ധിച്ച വിഷയത്തിൽ 28 ഇനം മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമില്ലെന്ന അവസ്ഥ നിലനിർത്താൻ ധാരണയായി. ഈ തീരുമാനം അട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഉണ്ടെങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ